സ്കൂളുകളിലെ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ

304 (1361) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എന്തെല്ലാം ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളാണ് ക്ലബ്ബുകൾ വഴി നടത്തിവരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വിലനിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഉപഭോക്തൃ സംരക്ഷണ നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക, അടിസ്ഥാനാവശ്യങ്ങളായ കുടിവെള്ളം, ശുചിത്വം, പൊതുഗതാഗതം എന്നിവയെ കുറിച്ചുള്ള പ്രാദേശിക പരാതികൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുക, ദേശീയ/ലോക ഉപഭോക്തൃ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കിയുള്ള സംവാദം, പെയിന്റിംഗ്/ക്വിസ്സ് മൽസരങ്ങൾ എന്നിവ സംഘടിപ്പിക്കുക എന്നീ ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വിലനിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും കഴിയുന്ന തരത്തിലുള്ള മാർക്കറ്റ് സർവ്വേ, വ്യാജ ഉൽപ്പന്നങ്ങളും വ്യാജ പരസ്യങ്ങളും തിരിച്ചറിയുവാനും, ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം ചേർക്കൽ, മലിനീകരണം മുതലായവ തിരിച്ചറിയുവാനും സഹായിക്കുന്ന പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകളുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഓരോ കൺസ്യൂമർ ക്ലബ്ബിനും 10,000 രൂപ വീതം സംസ്ഥാനത്തെ 100 ക്ലബ്ബുകൾക്കായി 10,00,000 രൂപ കേന്ദ്രധനസഹായമായി ലഭിക്കുകയും ആയത് കൺസ്യൂമർ ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly